**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2723** **06.11.2019-ൽ മറുപടിയ്ക്ക്**

**വനാവകാശ നിയമ പ്രകാരമുള്ള പരാതികൾ**

**ചോദ്യം**

**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ.റോജി എം. ജോൺ**
**ശ്രീ.എ.പി. അനിൽ കുമാർ**

**മറുപടി**

**അഡ്വ. കെ.രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | വനാവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; | (എ) | 2006-ലെ വനാവകാശ നിയമം കേരളത്തിൽ നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസി പട്ടികവർഗ്ഗ വികസന വകുപ്പാണ്. റവന്യൂ വകുപ്പ്, വനം വകുപ്പ് ഈ നിയമം നടപ്പിലാക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നു. വനാവകാശ നിയമം കേരളത്തിൽ പൂർണ്ണമായും നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം വനാവകാശ നിയമ പ്രകാരം 31/08/2019 വരെ ഗ്രാമസഭകളിൽ വ്യക്തിഗത വനാവകാശ രേഖകൾക്കായി ലഭിച്ച 43237 അപേക്ഷകളിൽ 39069 അപേക്ഷകൾ ഗ്രാമസഭ പാസ്സാക്കി സബ് ഡിവിഷണൽ ലെവൽ കമ്മിറ്റിക്ക് നൽകുകയും കമ്മിറ്റി പാസ്സാക്കിയ 27644 അപേക്ഷകൾ ജില്ലാതല കമ്മിറ്റിയ്ക്ക് നൽകുകയുണ്ടായി. ഇതിൽ 26580 അപേക്ഷകൾ ജില്ലാ കമ്മിറ്റി പാസ്സാക്കി 25848 അപേക്ഷകൾക്ക് ടൈറ്റിൽ നൽകിയിട്ടുള്ളതാണ്. സാമൂഹിക വനാവകാശ രേഖകൾക്കുള്ള 1012 അപേക്ഷകളിൽ 475 എണ്ണം സബ് ഡിവിഷണൽ ലെവൽ കമ്മിറ്റി പാസ്സാക്കി ജില്ലാ കമ്മിറ്റിക്ക് നൽകുകയും അതിൽ 358 അപേക്ഷകൾ ജില്ലാ കമ്മിറ്റി പാസ്സാക്കി 174 അപേക്ഷകൾക്ക് ടൈറ്റിൽ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വികസന പ്രവർത്തനങ്ങൾക്കായി വനാവകാശ നിയമ പ്രകാരം വനഭൂമി വിട്ടു നൽകുന്നതിനായി വനം വകുപ്പിന് ലഭിച്ച 763 അപേക്ഷകൾ ഗ്രാമസഭ ശിപാർശ ചെയ്തിട്ടുള്ളതും അതിൽ 620 അപേക്ഷകൾ വനം വകുപ്പ് പാസ്സാക്കി 466 അപേക്ഷകൾക്ക് ടൈറ്റിലുകൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ളവ വിവിധ പരിശോധനാ ഘട്ടങ്ങളിലാണ്. കമ്മ്യൂണിറ്റി റിസോഴ്സ് മാപ്പ് തയ്യാറാക്കുന്നതിലുള്ള കാലതാമസമാണ് ടൈറ്റിലുകൾ നൽകുന്നതിനുള്ള കാലതാമസം. ഇത് പൂർണ്ണമാകുന്ന മുറയ്ക്ക് നിയമം പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിക്കും. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനാവകാശ നിയമപ്രകാരം അപേക്ഷ സ്വീകരിച്ചിട്ടുണ്ടോ; എത്ര പേർക്ക് ഈ നിയമപ്രകാരമുള്ള അവകാശം നൽകിയിട്ടുണ്ട്; | (ബി) | ഉണ്ട്. മെയ് 2016 മുതൽ ആഗസ്റ്റ് 2018 വരെയുള്ള കാലഘട്ടത്തിൽ വ്യക്തിഗത അവകാശങ്ങൾക്കായി ലഭിച്ച 7103 അപേക്ഷകളിൽ 903 പേർക്കും, സാമൂഹിക വനാവകാശ രേഖകൾക്കുള്ള 88 അപേക്ഷകളിൽ 19 ടൈറ്റിലുകളും നൽകിയിട്ടുണ്ട്. അതുപോലെ വികസന പ്രവർത്തനങ്ങൾക്കായി ലഭിച്ച അപേക്ഷകളിൽ മുൻപിനാലെ തീർപ്പാക്കാൻ ഉണ്ടായിരുന്നതുൾപ്പെടെ 169 അപേക്ഷകൾ വനം വകുപ്പ് പാസ്സാക്കി നൽകിയിട്ടുള്ളതാണ്. |
| (സി) | അപേക്ഷയിൽ പറയുന്ന സ്ഥലം റവന്യൂ ഭൂമിയാണോ, വനഭൂമിയാണോ എന്ന സംയുക്ത പരിശോധന വനം, റവന്യൂ വകുപ്പുകൾ യഥാസമയം നടത്താത്തത് വനാവകാശ നിയമം പൂർണ്ണമായും നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് ഇടപെടലാണ് നടത്തുന്നതെന്നറിയിക്കാമോ; | (സി) | വനാവകാശ നിയമ പ്രകാരമുള്ള അപേക്ഷകളിൽ നോഡൽ ഏജൻസിയായ പട്ടികവർഗ്ഗ വികസന വകുപ്പ് അറിയിക്കുന്ന പ്രകാരം റവന്യൂ വകുപ്പിനോടൊപ്പം വനം വകുപ്പും യഥാസമയം സംയുക്ത പരിശോധനയിൽ പങ്കെടുക്കാറുണ്ട്. വനം വകുപ്പിന്റെ ഭാഗത്തു നിന്നും സംയുക്ത പരിശോധനയിൽ യഥാസമയം പങ്കെടുക്കാത്തതിന്റെ പേരിൽ നിയമം നടപ്പാക്കുന്ന കാര്യത്തിൽ കാലതാമസം വരാറില്ല. |
| (ഡി) | വനാവകാശ നിയമ പ്രകാരം ലഭിച്ച അപേക്ഷകൾ അകാരണമായി നിരസിക്കുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി ഉന്നത തലത്തിൽ പരിശോധിച്ച് അർഹരായവർക്കെല്ലാം വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | അകാരണമായി നിരസിക്കുന്നു എന്ന പരാതിയൊന്നും ലഭിച്ചിട്ടില്ല. വനാവകാശ നിയമ പ്രകാരം ആദ്യപടിയായി ബന്ധപ്പെട്ട ഗ്രാമസഭകൾക്കാണ് അപേക്ഷകൾ സമർപ്പിക്കുന്നത്. കേരളത്തിൽ ഊരുക്കൂട്ടങ്ങളെയാണ് ഗ്രാമസഭകളായി അംഗീകരിച്ചിട്ടുള്ളത്. ഗ്രാമ സഭകൾ ടി |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | അപേക്ഷകൾ പരിശോധിച്ച് ഉചിതമായവ തുടർ നടപടികൾക്കായി സബ് ഡിവിഷണൽ ലെവൽ കമ്മിറ്റിയ്ക്കും തുടർന്ന് ജില്ലാതല കമ്മിറ്റിക്കും കൈമാറുന്നു. മേൽ സമിതികൾ പരിശോധിച്ച് ഉചിതമല്ലാ യെന്ന് കണ്ടെത്തി നിരസിക്കുന്ന അപേക്ഷകൾ പുനപരിശോധിക്കുന്നതി നായി നിലവിൽ മാർഗ്ഗ നിർദ്ദേശങ്ങൾ ഒന്നും ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ